**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2580 **06.02.2018** -ലെ മറുപടിക്ക്

## അംബേദ്കർ ഗ്രാമവികസന പരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016-2017 ൽ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള ആലുവ നിയോജക മണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് കോളനിയിലും കളമശേരി നിയോജക മണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | 2016-17-ൽ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തിയ ആലുവ നിയോജക മണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് കോളനിയിലും കളമശ്ശേരി നിയോജക മണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലും എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ 20.10.2017-ന് പ്രാഥമിക യോഗം ചേർന്നിരുന്നു. നിർമ്മാണ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരുന്നതെങ്കിലും എം.എൽ.എ. യുടെ 12.12.2017-ലെ കത്ത് പ്രകാരം പദ്ധതി നിർവ്വഹണം KEL എന്ന ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | നടപടികൾ പൂർത്തീകരിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഏജൻസി ഹാജരാക്കുന്ന എസ്റ്റിമേറ്റിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അംഗീകാരം നൽകുന്നതോടെ പദ്ധതി നിർവ്വഹണത്തിന് തുടക്കമാകും. |
| (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത കോളനികളിൽ | (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത കോളനികളിൽ നടപ്പലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ചുവടെ |

| | | | |
|---|---|---|---|
| | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | ചേർക്കുന്നു.<br>**കന്നുകര പട്ടികജാതി കോളനി**<br>1. കുടിവെള്ള പദ്ധതി<br>2. ടോയ്-ലറ്റ് നിർമ്മാണം<br>3. ഭവന പുനരുദ്ധാരണം<br>4. സോളാർ ലൈറ്റ്<br>5. റോഡുകൾ<br>6. ടൈൽസ് വർക്ക്<br>7. കോളനി സൈഡ് കെട്ട്<br>8. സ്വയം സഹായ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം<br>**മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനി**<br>1. കുടിവെള്ള പദ്ധതി<br>2. ആശയവിനിമയ സൗകര്യം<br>3. സംരക്ഷണ ഭിത്തി<br>4. വൈദ്യുതീകരണം<br>5. സോളാർലൈറ്റ്<br>6. മാലിന്യ നിർമ്മാർജ്ജനം<br>7. വീട് അറ്റകുറ്റപ്പണി<br>8. ടോയ്-ലറ്റ് നിർമ്മാണം<br>9. മൃഗസംരംക്ഷണം<br>10. മെയിൻ റോഡ് ടൈൽ പാകൽ<br>11. ഓഡിറ്റോറിയം നിർമ്മാണം<br>12. കാന നിർമ്മാണം |

സെക്ഷൻ ഓഫീസർ